കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# പുഴയ്ക്കൽ ബ്ലോക്ക് പഞ്ചായത്ത്
# 2018-19
# ഓഡിറ്റ് റിപ്പോർട്ട്

ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

e-mail: dotsr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ.ടി.എസ്.ആർ.(ബി.പി.1)959/19

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ-680 020
ഫോൺ -0487 2331249
e-mail: dotsr.ksad@kerala.gov.in

തീയതി:27/09/19

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന),
പുഴയ്ക്കൽ ബ്ലോക്ക് പഞ്ചായത്ത്.

സർ,

വിഷയം : പുഴയ്ക്കൽ ബ്ലോക്ക് പഞ്ചായത്ത് – 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

********

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പുഴയ്ക്കൽ ബ്ലോക്ക്പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 3 ലെ ഖണ്ഡിക നം. 3-8 ഖണ്ഡികയിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്. ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ബ്ലോക്ക് പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ ബ്ലോക്ക് പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ

ജോയിന്റ് ഡയറക്ടർ

പകർപ്പ് :-

1) ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2)അസി.ഡെവലപ്പ്മെന്റ് കമ്മീഷണർ(ജനറൽ), തൃശ്ശൂർ
3)കാര്യാലയ പകർപ്പ്

നം കെ.എസ്.എ.ടി.എസ്.ആർ(ബിപി1)959/19 തീയതി:27/09/19

തൃശ്ശൂർ ജില്ലയിലെ പുഴയ്ക്കൽ ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ പുഴയ്ക്കൽ ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പുഴയ്ക്കൽ ബ്ലോക്ക് പഞ്ചായത്തിന്റെ 05-12-18 മുതൽ 23-06-2019 തിയ്യതി വരെയുള്ള വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 2018-19 സാമ്പത്തിക വർഷത്തെ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ ബ്ലോക്ക് പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 20 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ ബ്ലോക്ക് പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. രാജഗോപാലൻ.സി ജോയിന്റ് ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 24-06-2019 മുതൽ 29-06-2019വരെ |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | |
|---|---|
| ശ്രീ. എൻ. സതീശൻ | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| ശ്രീ. ബേബി. പി.വി. | ഓഡിറ്റ് ഓഫീസർ |
| ശ്രീ.പ്രശാന്ത്. ടി.ജി | അസി. ഓഡിറ്റ് ഓഫീസർ |
| ശ്രീമതി. രേഖ. ഇ.സി | ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | അഡ്വ.ലൈജു സി | 1.04.2018 മുതൽ |

| | | |
|---|---|---|
| | എടക്കളത്തൂർ | 31.05-2018 വരെ |
| | ശ്രീമതി. സുമ ഹരി, പ്രസിഡന്റ് (ഇൻ ചാർജ്ജ്) | 01-06-2018 മുതൽ 22-06-2018 വരെ |
| | അഡ്വ. ബിജു വർഗ്ഗീസ് | 23-06-2018 മുതൽ 31-03-2019 വരെ |
| സെക്രട്ടറി | ഗണേഷ് എ | 01-04-2018 മുതൽ 31-03-2019 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| മെഡിക്കൽ ഓഫീസർ, സി.എച്ച്.സി,തോളൂർ | ഡോ.ജോബ്, സൂപ്രണ്ട് | 1.04.2018 മുതൽ 27-08-2018 വരെ |
| | ഡോ. മനോജ് വർഗ്ഗീസ്, സൂപ്രണ്ട് | 28-08-2018 മതൽ 31-03-2019 വരെ |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. പാമ്പൂർ | ഡോ. നൂർജ്ജഹാൻ. എച്ച് | 01-04-2018 മുതൽ 31-03-2019 വരെ |
| ശിശു വികസന പ്രോജക്ട് ഓഫീസർ | ശ്രീമതി. മിനി ദാമോദരൻ | 01.4.2018 മുതൽ 29-06-2018 വരെ |
| | ശ്രീമതി. ശ്രീകല.കെ | 30-06-2018 മുതൽ 06-07-2018 വരെ |
| | ശ്രീമതി. ഡിഫ്ന ഡിക്രൂസ് | 07-07-2018 മുതൽ 17-12-2018 FN വരെ |
| | ശ്രീമതി. സഹീറ. പി.പി. | 17-12-2018 AN മുതൽ 31-03-2019 വരെ |
| എ.ഡി.എ പുഴക്കൽ | ശ്രീമതി. രുഗ്മിണി. ആർ | 01-04-2018 മുതൽ 05-04-2018 വരെ |

| | | |
|---|---|---|
| | ശ്രീ. പി. ഉണ്ണിരാജൻ, (ഇൻ ചാർജ്ജ്) | 06-04-2018 മുതൽ 22-07-2018 വരെ |
| | ശ്രീ. സണ്ണി. സി.ജെ | 23-07-2018 മുതൽ 31-03-2019 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി. ഗിരിജ എസ്.കെ | 01-04-2018 മുതൽ 31-03-2019 വരെ |
| പട്ടികജാതി വികസനഓഫീസർ | ശ്രീ. സുജിത്ത്.എസ് | 01-04-2018 മുതൽ 02-03-2019 FN വരെ |
| | ശ്രീ. സുഗുണൻ.സി.ബി | 02-03-2019 AN മുതൽ 31-03-2019 വരെ |
| അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി | ശ്രീ. വിനോദ്. ഇ.കെ | 01-04-2018 മുതൽ 11-03-2019 FN വരെ |
| | ശ്രീമതി. ചാന്ദിനി. വി.ജി | 11-03-2019 AN മുതൽ 31-03-2019 വരെ |
| വ്യവസായ വികസന ഓഫീസർ | ശ്രീമതി. ജാൻസി വർഗ്ഗീസ് | 01-04-2018 മുതൽ 16-01-2019 വരെ |
| | ശ്രീ. ബിന്നിമോൻ (ഇൻ ചാർജ്ജ്) | 17-01-2019 മുതൽ 08-02-2019 വരെ |
| | ശ്രീമതി. ജാൻസി വർഗ്ഗീസ് | 09-02-2019 മുതൽ 14-03-2019 വരെ |

| | | |
|---|---|---|
| | ശ്രീ. ബിന്നിമോൻ (ഇൻ ചാർജ്ജ്) | 15-03-2019 മുതൽ 31-03-2019 വരെ |
| സീനിയർ വെറ്ററിനറി സർജൻ | ഡോ.പത്മജ പി ആർ | 01-04-2018 മുതൽ 31-03-2019 വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1.1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1.2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം. | 1.3 |
| 4 | സാമ്പത്തിക വിശകലനം | 1.4 |
| 5 | ഫണ്ട് വിനിയോഗം | 1.5 |
| 6 | പദ്ധതി അവലോകനം | 1.6 |
| 7 | ക്യാഷ് ബാലൻസ് പരിശോധന | 1.7 |
| 8 | ആഭ്യന്തരനിയന്ത്രണ സംവിധാനത്തിലെ പോരായ്മകൾ | 1.8 |
| 9 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1.9 |
| 10 | വാർഷിക കണക്ക് പരിശോധിച്ചതിന്റെ വിവരം | 1.10 |
| | ഭാഗം 2 | |
| 11 | ഇ-ടെണ്ടർ - ടെണ്ടർ ഫോംവില പഞ്ചായത്ത് ഫണ്ടിൽ വരവ് വെയ്ക്കേണ്ടതാണ്. | 2.1 |
| | ഭാഗം 3 | |
| 12 | പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് മികവ് സ്കോളർഷിപ്പ് -പദ്ധതി നടത്തിപ്പിലെ അപാകതകൾ. | 3.1 |
| 13 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല | 3.2 |
| 14 | കാർഷിക പദ്ധതികൾക്ക് അർഹമായ പ്രാധാന്യം നൽകിയിട്ടില്ല. | 3.3 |

| | | |
|---|---|---|
| 15 | സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പദ്ധതികളിലെ അപാകതകൾ. | 3.4 |
| 16 | കുടിവെള്ളപദ്ധതികൾക്കായി ഭൂഗർഭജലവകുപ്പിന് കൈമാറിയ തുകകൾക്ക് വിനിയോഗസാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ് | 3.5 |
| 17 | തോള്ളൂർ സി.എച്ച്.സി യിൽ സൗരോർജ്ജപദ്ധതി സ്ഥാപിക്കൽ- സർക്കാർ ഉത്തരവിലെ നിർദ്ദേശം പാലിക്കേണ്ടതാണ് | 3.6 |
| 18 | മരാമത്ത് പ്രവൃത്തികൾ - മാർഗ്ഗരേഖ പാലിക്കാത്തത് സംബന്ധിച്ച്. | 3.7 |
| 19 | “ചൂരക്കാട്ടുകര മോട്ടോർ ഷെഡ്ഡ് പൂർത്തീകരണം” -പ്രവൃത്തി പൂർത്തീകരിക്കാതെ ഉപേക്ഷിച്ചു | 3.8 |
| 20 | റോഡ് കണക്ടിവിറ്റി ഭൂപടം തയ്യാറാക്കിയിട്ടില്ല. | 3.9 |
| 21 | നിർദ്ദിഷ്ട രീതിയിൽ മോണിറ്ററിംഗ് നടത്തുന്നില്ല | 3.10 |
| | ഭാഗം 4 | |
| 22 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4.1 |
| 23 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4.2 |
| 24 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയ വിവരങ്ങൾ | 4.3 |
| 25 | വായ്പ/ വായ്പ തിരിച്ചടവ് | 4.4 |
| 26 | സ്ഥിരനിക്ഷേപങ്ങൾ | 4.5 |
| 27 | ഓഡിറ്റ് റിക്കവറി | 4.6 |
| 28 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4.7 |
| 29 | ചാർജ്ജ്/ സർചാർജ്ജ് നടപടികളിലെ വിവരം | 4.8 |

| | | |
|---|---|---|
| 30 | ഓഡിറ്റ് പ്രത്യവലോകനം | 4.9 |
| 31 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4.10 |
| 32 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം-1 |
| 33 | ഓഡിറ്റ് സംക്ഷിപ്തം | അനുബന്ധം-2 |

# ഭാഗം -1

## പൊതു അവലോകനം

## 1-1 ബജറ്റ്

27-03-2018 തീയതിയിലെ 1(1)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

| വരവ് | ചെലവ് |
|---|---|
| 255800683 | 255402112 |

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തിയ്യതി | ലഭിച്ച തിയ്യതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തിയ്യതി | അപാകത പരിഹരിച്ച് ലഭിച്ച തിയ്യതി |
|---|---|---|---|
| 31.07.19 | 01-06-2019 | -- | -- |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 24.06.2019, 25.06.2019, 26.06.2019 | കെ.എസ്.എ.ടി.എസ്.ആർ.(ബി.പി.1)959/19 തീയതി.27.09.19 |

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 1,84,22,535.57 |
| വരവ് | 5,05,88,332 |
| ആകെ | 6,90,10,867.57 |
| ചെലവ് | 5,64,19,705 |
| നീക്കിയിരിപ്പ് | 1,25,91,162.57 |

# 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 28582000 | 28582000 | 25473595 | |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 14183000 | 14183000 | 8911021 | |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 212000 | 212000 | 0 | |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 3390000 | 3390000 | 3390000 | |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | 0 | 0 | 0 | 0 | 0 |
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം) | 0 | 0 | 0 | 0 | 0 |
| സാക്ഷരത | 0 | 0 | 0 | 0 | 0 |
| ദുരിതാശ്വാസ നിധി | 0 | 0 | 0 | 0 | 0 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | | | |
| ടി.എസ്.സി (നിർമ്മൽ ഗ്രാമ പുരസ്കാരം) | 896410 | 31789 (മറ്റു വരവുകൾ) | 928199 | 0 | 928199 |
| ടി,എസ്.സി (നിർമ്മൽ ഭാരത് അഭിയാൻ) | 88651 | 102000 3144 (മറ്റു വരവുകൾ) | 193795 | 81800 | 111995 |
| ഐ.സി.ഡി.എസ്. | 0 | 0 | 0 | 0 | 0 |
| എം.പി. ഫണ്ട് | 0 | 0 | 0 | 0 | 0 |
| പൈക്ക | 173732 | 6161 (മറ്റു വരവുകൾ) | 179893 | 0 | 179893 |
| എൻ.എം.ബി.എസ്. | 0 | 0 | 0 | 0 | 0 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | | | | | |
| എസ്.സി. ഡവലപ്മെന്റ് | 0 | 0 | 0 | 0 | 0 |
| ആയുർവ്വേദം | 0 | 0 | 0 | 0 | 0 |
| എം.എൽ.എ ഫണ്ട് | 0 | 850000 | 850000 | 850000 | 0 |
| കേരളോൽസവം | 0 | 35000 | 35000 | 35000 | 0 |
| വിമുക്തി | 9265 | 0 | 9265 | 9265 | 0 |

| | | | | | |
|---|---|---|---|---|---|
| ജോയിന്റ് ഗ്രാമ പഞ്ചായത്ത് വെഞ്ചർ ഐ.എ.വൈ | 5004558 | 470000 | 5474558 | 1697350 | 3777208 |
| | 7195422 | 266516 | 7461938 | 3993823 | 3468115 |
| ജനറൽ പർപ്പസ് ഗ്രാന്റ് + തനത് ഫണ്ട് (ട്രഷറി എസ്.ടി,എസ്.ബി) | 4605054 | 5891826 | 10496880 | 6797226 | 3699654 |
| മറ്റിനം | | | | | |
| ഭവന നിധി | 5000 | 53718 | 58718 | 0 | 58718 |
| TDCB FD | 0 | 0 | 0 | 0 | 0 |
| E-PAYMENT | 0 | 0 | 0 | 0 | 0 |
| CO-OPERATIVE BANK | 0 | 0 | 0 | 0 | 0 |
| Adat Farmers Service Co-operative Bank (Swabhiman) | 122213.7 | 6979 | 129192 | 15 | 129177 |
| Parappur Service Co-operative Bank (IAY Loan) | 12372 | 232 | 12604 | 12604 | 0 |
| Kolazhy Service Co-operative Bank (IAY Loan) | 5051 | 0 | 5051 | 5051 | 0 |
| Thiroor Service Co-operative Bank (IAY Loan) | 3130 | 56 | 3186 | 3186 | 0 |
| Mundur Service Co-operative Bank (I AY Loan) | 789 | 16 | 805 | 805 | 0 |
| Adat Farmers Service Co-operative Bank (IAY Loan) | 2531 | 34 | 2565 | 2565 | 0 |
| Miscellaneous | 185586 | 960279 | 145865 | 103741 | 108454 |
| SIG for SHG | 7915 | 281 | 8196 | 0 | 8196 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 119 | 68811287 | 71 | 39580840 | 45 | 3 | 59.66 |

## 1-7 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 27-06-2019, 3.45 പി.എം ന് സ്ഥാപന തലവന്റെ/ ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 800/- രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തര നിയന്ത്രണ സംവിധാനത്തിലെ പോരായ്മകൾ

വരവ് ചെലവുകളെ നിയന്ത്രിക്കുന്നതിന് ബജറ്ററി നിയന്ത്രണം നിലവിലില്ല. വരവു ചെലവുകളുടെ കാര്യത്തിൽ ബജറ്റും വാർഷിക കണക്കും തമ്മിൽ വലിയ അന്തരം നിലനിൽക്കുന്നു. ജി.ഒ.(ആർ.ടി)നം. 3291/2016/LSGD തിയതി 02.12.2016 പ്രകാരം പുറപ്പെടുവിച്ച ബജറ്റ് മാന്വലിലെ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് ബജറ്റ് രൂപീകരണം കൂടുതൽ കാര്യക്ഷമമാക്കേണ്ടതാണ്.

പദ്ധതികളുടെ ആസൂത്രണ – നിർവ്വഹണ ഘട്ടങ്ങളുടെ കാര്യക്ഷമത ഭരണ സമിതി യോഗങ്ങളിൽ അജണ്ടയായി വരുന്നില്ല. പല പദ്ധതികളും കലണ്ടർ പ്രകാരം പൂർത്തീകരിക്കപ്പെടുന്നില്ല. നിർവ്വഹണ ഉദ്യോഗസ്ഥരുടെ യോഗം കൃത്യമായി പ്രതിമാസം ചേരുന്നില്ല. പൂർത്തിയായ പദ്ധതികളിൽ നിർദ്ദിഷ്ട രീതിയിൽ മോണിറ്ററിംഗ് നടക്കുന്നില്ല. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. സ്റ്റോക്ക് ആന്റ് സ്റ്റോഴ്സ്, മറ്റു വിലപ്പെട്ട രേഖകൾ എന്നിവക്ക് ഇൻഷ്വറൻസ് പരിരക്ഷ ഇല്ല. സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തൽ പൂർണ്ണമല്ല. . നിർവ്വഹണോദ്യോഗസ്ഥരിൽ പലരും പ്രോജക്ട് ഫയലുകൾ ശരിയായ രീതിയിൽ സൂക്ഷിക്കുന്നില്ല. പല പ്രോജക്ട് ഫയലുകളിലും അവശ്യം വേണ്ട സാക്ഷ്യപത്രങ്ങൾ സൂക്ഷിച്ചിട്ടില്ല. ഓതറൈസേഷൻ പത്രികകളിൽ പലതിലും മേലധികാരികൾ ഒപ്പുവെക്കുന്നില്ല. വൗച്ചറുകളിൽ പ്രസിഡന്റും, സെക്രട്ടറിയും സംയുക്തമായി സാക്ഷ്യപ്പെടുത്തൽ നടത്തുന്നില്ല. ടെണ്ടർ നടപടികളുടെ ഭാഗമായുള്ള പ്രാഥമിക കരാറുകളിൽ രേഖപ്പെടുത്തലുകൾ ഇല്ല.

ആഭ്യന്തര നിയന്ത്രണ സംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ പഞ്ചായത്ത് കമ്മിറ്റിയും വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളും കൈക്കൊള്ളേണ്ടതാണ്.

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 18-07-2018 മുതൽ 27-07-2018 വരെ | 2017-18 | 24-09-2018 |

| | | | |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 17-03-2017 മുതൽ 22-03-2017 വരെ | 2011-12 മുതൽ 2015-16 വരെ | 03-05-2017 |

# 1-10 വാർഷിക കണക്ക് പരിശോധിച്ചതിന്റെ വിവരം

പുഴക്കൽ ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

എ) വാടകയിനത്തിൽ വാർഷികകണക്കുകളും ഡി.സി.ബി. രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല. വാർഷികകണക്കു പ്രകാരം വാടകയിനത്തിലെ ആകെ വരവ് 34,210/- രൂപയും രജിസ്റ്റർ പ്രകാരം 33,210/- രൂപയുമാണ്.

ബി) Sale of Tender forms (ശീർഷകം -150110101), Sale of scrap (ശീർഷകം -150120103) എന്നീ വരവിനങ്ങളുമായി ബന്ധപ്പെട്ട തുകകളുടെ കൃത്യത പരിശോധിക്കുന്നതിന് ആവശ്യമായ രീതിയിൽ രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല.

സി) ആർ&പി -36 (Other liabilities, ശീർഷകം - 350300109) പ്രകാരം ഗ്രൗണ്ട് വാട്ടർ ഡിപ്പാർമെന്റിൽ നിന്നും വിനിയോഗമില്ലാതെ തിരികെ ലഭിച്ചത് 5,03,016/- രൂപയാണ്. എന്നാൽ, തുക തിരികെ അടവാക്കുന്നതിനായി തയ്യാറാക്കിയ സെക്രട്ടറിയുടെ നടപടിക്രമം അനുസരിച്ച് ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിൽ നിന്നും 5,68,120/- രൂപ തൻവർഷം തിരികെ ലഭിച്ചിട്ടുണ്ട്. തിരികെ ലഭിച്ച തുകകൾ സംബന്ധിച്ച രേഖകൾ പൊരുത്തപ്പെടുന്നില്ല.

ഡി) പൈക്ക അക്കൗണ്ടിലെ 31.03.19 ലെ നീക്കിയിരിപ്പ് 1,79,893/- രൂപയാണ് (B-17 ഷെഡ്യൂൾ പ്രകാരം). എന്നാൽ B-4 ഷെഡ്യൂൾ പ്രകാരം ബാധ്യത 1,73,732/- രൂപ മാത്രമാണ്. ആയത് കൃത്യമല്ല.

ഇ) അംഗീകരിക്കപ്പെട്ട അക്കൗണ്ടിംഗ് സ്റ്റാൻഡേഡ് പ്രകാരം കാഷ് ഫ്ളോ സ്റ്റേറ്റ്മെന്റിലെ Net cash generated / (used up) by operating + investing + financing activities ഉം Net increase/(decrease) in cash and cash equivalents ഉം പൊരുത്തപ്പെടേണ്ടതുണ്ട്. എന്നാൽ, ഇവ രണ്ടും പൊരുത്തപ്പെടുന്നില്ല.

എഫ്) കാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് (ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-11a) എന്ന ശീർഷകത്തിൽ തൻവർഷം ഉൾപ്പെടുത്തിയിട്ടുള്ളത് 34,780,375/- രൂപയാണ്. മുൻവർഷം ഇത് 19,627,942/- രൂപയാണ്. ഈ വർദ്ധനവ് പരിശോധിക്കുവാൻ ആവശ്യമായ രേഖകൾ സൂക്ഷിച്ചിട്ടില്ല.

ജി) നിക്ഷേപപ്രവൃത്തികൾക്കായി തൻവർഷം നൽകിയ തുകയുടെ കൃത്യമായ വിവരങ്ങൾ ലഭിച്ചിട്ടില്ല. വാർഷികണക്കുപ്രകാരം Advance to implementing agencies (ശീർഷകം - 460500204, B-18 ഷെഡ്യൂൾ) എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള തുക 2,27,044/- രൂപ മാത്രമാണ്. വിവിധ കുടിവെള്ള പദ്ധതികൾക്കായി സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി തൻവർഷം ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിൽ നിക്ഷേപിച്ച തുകയുമായി (സുലേഖ പത്രിക പ്രകാരം) ഇത് പൊരുത്തപ്പെടുന്നില്ല.

എച്ച്) കേരളോത്സവം ഗ്രാന്റിനത്തിൽ യുവജനക്ഷേമബോർഡിൽനിന്നും 2017-18 വർഷത്തേക്ക് ലഭ്യമായ 35000/- രൂപ സ്ഥാപനത്തിന്റെ തൻവർഷത്തെ വാർഷികകണക്കുകളിൽ ബാധ്യതയായി കാണിച്ചിട്ടുണ്ട്. ജനറൽ പർപ്പസ് ഗ്രാന്റിൽ നിന്നും 2017-18 വർഷത്തിൽ തന്നെ ഈയാവശ്യത്തിന് തുക ചെലവഴിച്ചു കഴിഞ്ഞതിനാൽ ലഭിച്ച തുക ബാധ്യതയായി കണക്കാക്കേണ്ടതില്ല.

ഐ) സംയുക്തപദ്ധതിയിനത്തിൽ 2018-19 ലെ ഒ.ബി. യായി കണക്കാക്കിയിട്ടുള്ളത് 1,11,80,677/- രൂപയാണ് (31.03.18 ലെ ബാലൻസ് ഷീറ്റ് പ്രകാരം).

ശീർഷകം 320700103 - 13,26,243/-

ശീർഷകം 320700203 - 51,33,679/-

ശീർഷകം 320700205 – 47,20,755/-

എന്നാൽ സംയുക്തപദ്ധതിയിനത്തിൽ ലഭിക്കുന്ന തുകകൾ നിക്ഷേപിക്കുന്ന ബാങ്ക്, ട്രഷറി അക്കൗണ്ടുകളിലെ 31.03.18 ലെ നീക്കിയിരിപ്പ് 1,21,99,980/- രൂപയാണ്. വാർഷികകണക്കും ബാങ്ക്, ട്രഷറി കണക്കും തമ്മിലുള്ള 10,19,303/- രൂപയുടെ അന്തരം വിശദീകരിക്കുവാൻ സ്ഥാപനത്തിന് സാധിച്ചിട്ടില്ല.

ഐ) ലോൺ അക്കൗണ്ടിലേക്കുള്ള തിരിച്ചടവ് സംബന്ധിച്ച രേഖകൾ സൂക്ഷിച്ചിട്ടില്ല.

ജെ) അടിസ്ഥാന അനുപാതങ്ങൾ, പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നിവ വാർഷിക കണക്കിനോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.

കെ) കേരള ഗ്രാമീൺ ബാങ്കിലുള്ള ഭവനനിധി അക്കൗണ്ടിൽ 31.03.19 ന് 58,718/- രൂപ നീക്കിയിരിപ്പുണ്ട്. എന്നാൽ, ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-2 വിൽ (Special Funds) ഈ തുക ഉൾപ്പെട്ടിട്ടില്ല. പകരം, 147 രൂപ മാത്രമാണ് ഉൾപ്പെട്ടിട്ടുള്ളത്.

എൽ) EMD രജിസ്റ്റർ പ്രകാരം DD ആയി തുക ലഭിച്ചുവരുന്നുണ്ട്. എന്നാൽ, ഇപ്രകാരം ലഭിക്കുന്ന തുകകൾക്ക് രസീത് നൽകി വാർഷികകണക്കിൽ എടുക്കുന്നില്ല.

## ഭാഗം -2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 ഇ-ടെണ്ടർ - ടെണ്ടർ ഫോംവില പഞ്ചായത്ത് ഫണ്ടിൽ വരവ് വെയ്ക്കേണ്ടതാണ്.

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവർ നിർവ്വഹണോദ്യോഗസ്ഥരായി നടപ്പാക്കിയ മരാമത്ത് പണികളിൽ ഇ–ടെണ്ടർ മുഖേന നടപ്പാക്കിയ പ്രോജക്ടുകളുടെ ടെണ്ടർ ഫോം വില സർക്കാർ ഉത്തരവ് (എം.എസ്) 318/2013 ത.സ്വ.ഭ.വ. തീയതി 28-9-2013 പ്രകാരം ജില്ലയിലെ എൽ, എസ്.ജി.ഡി. എക്സി.എഞ്ചിനീയറുടെ പേരിൽ തുടങ്ങിയ അക്കൗണ്ടിലാണ് ക്രെഡിറ്റ് ചെയ്യുന്നത്. 2018-19 സാമ്പത്തിക വർഷത്തിൽ ഈ ഇനത്തിൽ 41,877/- രൂപ എൽ.എസ്.ജി.ഡി എക്സി.എഞ്ചിനീയറുടെ പേരിൽ തുടങ്ങിയ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യപ്പെട്ടിട്ടുണ്ട്. ടി തുകയും, മുൻ വർഷങ്ങളിൽ ഇപ്രകാരം ക്രെഡിറ്റ് ചെയ്യപ്പെട്ടിട്ടുള്ളതിൽ ലഭ്യമാകാൻ ബാക്കി തുകയുണ്ടെങ്കിൽ ആയതും തിരികെ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് മികവ് സ്കോളർഷിപ്പ് -പദ്ധതി നടത്തിപ്പിലെ അപാകതകൾ.

നിർവ്വഹണ ഉദ്യോഗസ്ഥൻ - പട്ടികജാതി വികസന ഓഫീസർ

പ്രോജക്ട് നം - so46/19

ട്രഷറി ബിൽ നം.1/2018-19.dtd.31.12.18. 2,45,000/-

പുഴയ്ക്കൽ ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ വരുന്ന വിവിധ ഗ്രാമ പഞ്ചായത്തുകളിലെ 40 ഓളം വിദ്യാർത്ഥികൾക്ക് ആനുകൂല്യം നൽകുന്നതിന് വിഭാവനം ചെയ്തിട്ടുള്ളതാണ് മേൽ പ്രോജക്ട്. എന്നാൽ 11 വിദ്യാർത്ഥികൾക്കാണ് ആനുകൂല്യം നൽകിയിട്ടുള്ളത്. ഇതുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന കാര്യങ്ങൾ ഓഡിറ്റിൽ നിരീക്ഷിക്കുന്നു.

1. സ.ഉ.(കൈ) നം. 22/2018 ത.സ്വ.ഭ.വ തിയതി. 14.12.18 ഖണ്ഡിക നം. 7.2.6 പ്രകാരം ഒരാൾക്ക് ഒന്നിൽ കൂടുതൽ തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ നിന്നോ വകുപ്പിൽ നിന്നോ ധനസഹായത്തിന് അർഹതയില്ല. ഗ്രാമസഭ/വാർഡ് കമ്മിറ്റിയിലും വെബ്സൈറ്റിലും പ്രസിദ്ധീകരിച്ചതായ ലിസ്റ്റിൽ ഉള്ളവർക്ക് മാത്രമെ ആനുകൂല്യം നൽകാവൂ. ആനുകൂല്യം നൽകുന്നതിന് ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയിൽ നിന്നും ഗുണഭോക്താവിനെ ഗ്രാമസഭയും ഭരണസമിതിയും അംഗീകരിച്ച കൊണ്ടുള്ള ഗ്രാമ പഞ്ചായത്ത് തീരുമാനം ലഭ്യമാക്കിയിട്ടില്ല.

2. ക്രമ നം.7, 8 ആതിര.എം.വി, സഞ്ജന.പി.എൻ എന്നീ വിദ്യാർത്ഥിനികൾ അവർക്ക് ഗ്രാമപഞ്ചായത്തിൽ നിന്നും ഇതേ ആനുകൂല്യം ലഭിച്ചിട്ടില്ല എന്നുള്ള സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

3. ഗുണഭോക്താക്കളുടെ അക്കൗണ്ടുകളിലേക്കാണ് തുക കൈമാറിയിട്ടുള്ളത്. എന്നിരുന്നാലും ഗുണഭോക്താക്കൾക്ക് ടി-ആനുകൂല്യം ലഭിച്ചതിന്റെ കൈപ്പറ്റ് രശീത് പ്രത്യേകം സൂക്ഷിച്ചിട്ടില്ല. മേൽ അപാകതകൾ പരിഹരിക്കുന്നതു വരെ ചെലവ് തുക 2,45,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 3-2 വിനിയോഗ സാക്ഷ്യ പത്രം ഹാജരാക്കിയില്ല

a) പാലിയേറ്റീവ് കെയർ ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ, സി.എച്ച്. സി. തോളൂർ

പ്രോജക്ട് നം. - so126/19.

ട്രഷറി ബിൽ നം.2/2018-19 dtd.28.6.18. 80000/-

പാലിയേറ്റീവ് കെയർ പ്രോജക്ട് നടത്തിപ്പുമായി ബന്ധപ്പെട്ട് ബ്ലോക്ക് വിഹിതമായി മുളങ്കുന്നത്തുകാവ് ഗ്രാമപഞ്ചായത്തിന് മേൽ ബിൽ പ്രകാരമുള്ള തുക നിർവ്വഹണ ഉദ്യോഗസ്ഥൻ മുഖേന നൽകിയിട്ടുണ്ട്. എന്നാൽ തുക കൈപ്പറ്റിയതിനുള്ള കൈപ്പറ്റ് രശീത്, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഗ്രാമപഞ്ചായത്തിൽ നിന്നും ലഭ്യമായിട്ടില്ല. മുകളിൽ പറഞ്ഞ രേഖകൾ ഹാജരാക്കുന്നതു വരെ ചെലവ് തുക 80,000/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

b) ഭിന്നശേഷിയുള്ള കുട്ടികൾക്ക് സ്കോളർഷിപ്പ് -വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല.

നിർവ്വഹണ ഉദ്യോഗസ്ഥ – സി.ഡി.പി.ഒ.പുഴയ്ക്കൽ.

ട്രഷറി ബിൽ നം. 1/2018-19.dtd.21.8.18. 4,00,000/-

ട്രഷറി ബിൽ നം.2/2018 19.dtd.22.9.18. 2,00,000/-

മേൽ പ്രോജക്ടിൽ ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന 6 പഞ്ചായത്തുകൾക്ക് ഓരോ ലക്ഷം വീതം ബ്ലോക്ക് പഞ്ചായത്ത് വിഹിതം നൽകിയിട്ടുണ്ട്. എന്നാൽ തോളൂർ, അവണൂർ, മുളങ്കുന്നത്തുകാവ് എന്നീ പഞ്ചായത്തുകളിൽ നിന്നും തുക കൈപ്പറ്റിയതിന്റെ കൈപറ്റ് രശീത്, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയില്ല. ആയതിന്റെ അഭാവത്തിൽ ചെലവ് തുക

3,00,000/- തടസ്സപ്പെടുത്തുന്നു.

## 3-3 കാർഷിക പദ്ധതികൾക്ക് അർഹമായ പ്രാധാന്യം നൽകിയിട്ടില്ല.

പുഴയ്ക്കൽ ബ്ലോക്ക്പഞ്ചായത്തിന്റെ പരിധിയിൽ കോലഴി, അടാട്ട്, തോളൂർ, മുളങ്കുന്നത്തുകാവ്, അവണ്ണൂർ, കൈപറമ്പ് എന്നി 6 ഗ്രാമപഞ്ചായത്തുകൾ ഉൾപ്പെടുന്നു. കാർഷിക പ്രാധാന്യമുള്ള പഞ്ചായത്തുകളാണ് എല്ലാം തന്നെ. എന്നിട്ടും കൃഷി അസിസ്റ്റന്റ് ഡയറക്ടർ "കൂലിചെലവ് സബ്സിഡി" എന്ന പേരിൽ ഒരേ രീതിയിലുള്ള രണ്ട് പ്രോജക്ടുകൾ മാത്രമാണ് ഓഡിറ്റ് വർഷം നടപ്പാക്കിയിട്ടുള്ളത്. കാർഷിക മേഖലയിൽ നിലവിലുള്ളതും നൂതനവുമായ ധാരാളം പ്രോജക്ടുകൾ ഉള്ളപ്പോൾ നെൽകൃഷി /പച്ചക്കറികൃഷി എന്നിവയ്ക്ക് കൂലി ചെലവ് സബ്സീഡി എന്ന ഒരേയൊരു പ്രോജക്ട് മാത്രം നടപ്പാക്കിയത് വഴി കാർഷിക മേഖലയ്ക്ക് അർഹമായ പ്രാധാന്യം നൽകിയിട്ടില്ലാ എന്ന് ഓഡിറ്റ് നിരീക്ഷിക്കുന്നു. വരും വർഷങ്ങളിൽ കാർഷിക മേഖലയ്ക്ക് അർഹമായ പ്രാധാന്യം നൽകുന്നതിനായി നിർവ്വഹണ ഉദ്യോഗസ്ഥൻ, ഭരണസമിതി എന്നിവരുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 3-4 സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പദ്ധതികളിലെ അപാകതകൾ.

1. സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ വിവിധ പദ്ധതികളിൽ കൈപ്പറ്റ് രശീത്, വിനിയോഗ സാക്ഷ്യപത്രം, പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| പ്രോജക്ടിന്റെ പേര്, നമ്പർ | ട്രഷറി ബിൽ നം. തിയതി. തുക | തുക നൽകപ്പെട്ടിട്ടുള്ളത് | റിമാർക്സ്. |
|---|---|---|---|
| സുശാന്തം വയോജനക്ഷേമ കേന്ദ്ര പ്രവർത്തനം ബ്ലോക്ക് പഞ്ചായത്ത് വിഹിതം. so128/19 | 22/2018-19. dtd.30.7.18. 100000/- | സെക്രട്ടറി, ജില്ലാ പഞ്ചായത്ത് | കൈപ്പറ്റ് രശീത്, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല. |
| വിജ്ഞാൻ സാഗർ അനുബന്ധ പ്രവർത്തനങ്ങൾ so133/19 | 23/2018-19. dtd.30.7.18. 200000/- | സെക്രട്ടറി, ജില്ലാ പഞ്ചായത്ത്. | കൈപ്പറ്റ് രശീത്, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല. |
| പുറ്റേക്കര വായനശാല ഷീ | 82/2018-19. | മെറ്റൽ ഇൻഡസ്ട്രീസ് | പൂർത്തീകരണ സർട്ടിഫിക്കറ്റ് |

| | | | |
|---|---|---|---|
| – ഇ ടോയ്‌ലറ്റ് so139/19 | dtd.22.12.18. 360000/- | ലിമിറ്റഡ്, ഷൊർണ്ണൂർ. | ഹാജരാക്കിയിട്ടില്ല. |
| പാമ്പൂർ പി.എച്ച്.സിയിൽ വനിതകൾക്ക് ഷി - ഇ ടോയ്‌ലറ്റ്. so156/19 | 105/18-19. dtd.19.3.19. 360000/- | മെറ്റൽ ഇൻഡസ്ട്രീസ് ലിമിറ്റഡ്, ഷൊർണ്ണൂർ. | പൂർത്തീകരണ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല. |

രേഖകൾ ഹാജരാക്കുന്നത് വരെ ചെലവ് തുക 10,20,000/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-5 കുടിവെള്ള പദ്ധതികൾക്കായി ഭൂഗർഭജലവകുപ്പിന് കൈമാറിയ തുകകൾക്ക് വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

പട്ടികയിൽ ചേർത്തിട്ടുള്ള കുടിവെള്ളപദ്ധതികൾക്കായി ഭൂഗർഭജലവകുപ്പിന് കൈമാറിയ തുകകൾക്ക് വിനിയോഗസാക്ഷ്യപത്രം ലഭ്യമാവുന്ന മുറക്ക് ഹാജരാക്കേണ്ടതാണ്.

| ക്രമ നം. | പദ്ധതി | തുക | ട്രഷറി ബിൽ നം./ വൗച്ചർ നം. |
|---|---|---|---|
| 1 | അടാട്ട് കോൺവെന്റ് റോഡ് കുടിവെള്ളപദ്ധതി, S0059/19 | 5,00,000/- | 181301630188008393197/ 23.11.18 - തുക – 4,95,000/- 111/18-19 dt. 30.11.18 – തുക – 5,000/- |
| 2 | വെളപ്പായ നാലുസെന്റ് കോളനി കുടിവെള്ളപദ്ധതി, S0063/19 | 5,00,000/- | 18130163018800807191 / 16.11.18 - തുക – 5,00,000/- |
| 3 | ആറംപുള്ളി കുറുമാൽ പട്ടികജാതി കോളനി കുടിവെള്ളപദ്ധതി, S0064/19 | 5,00,000/- | 18130163018800839327 / 23.11.18 - തുക – 5,00,000/- |

| | | | |
|---|---|---|---|
| 4 | അക്കൻ കോളനി കുടിവെള്ളപദ്ധതി, അവണൂർ ഗ്രാമപഞ്ചായത്ത്, S0067/19 | 5,00,000/- | 18130163018800807200 / 16.11.18- തുക- 5,00,000/- |
| 5 | ഉദയനഗർ കെൽട്രോൺ കോളനി കുടിവെള്ളപദ്ധതി, മുളങ്കുന്നത്ത്കാവ് S0068/19 | 5,00,000/- | 18130163018800807205 / 16.11.18- തുക – 5,00,000/- |
| 6 | കൈപ്പറമ്പ് - പേരാമംഗലം അക്ഷര അംഗൻവാടി പ്രദേശത്തെ കുടിവെള്ളപദ്ധതി, S0071/19 | 6,50,000/- | 18130163018800839324 / 23.11.18 - തുക – 4,95,000/- 18130163018801373241 / 14.03.19 - തുക – 1,50,000/- 111/18-19 dt. 30.11.18 - തുക – 5,000/- |
| 7 | മുളങ്കുന്നത്ത്കാവ് ഗ്രാമപഞ്ചായത്തിലെ ഗ്രാമല കുടിവെള്ളപദ്ധതി, S0073/19 | 7,20,000/- | 18130163018800844296 / 24.11.18 - തുക – 4,95,000/- 1813016301880137374 / 14.03.19 - തുക – 2,20,000/- 111/18-19 dt. 30.11.18 - തുക – 5,000/- |
| 8 | തോട്ടപ്പാൽ പട്ടികജാതി കോളനി കുടിവെള്ളപദ്ധതി, S0074/19 | 5,00,000/- | 18130163018800807196 / 16.11.18 - തുക – 5,00,000/- |
| 9 | തോളൂർ ഗ്രാമപഞ്ചായത്തിലെ പറപ്പൂർ ഹൈസ്കൂൾ പരിസര കുടിവെള്ളപദ്ധതി, | 50,000/- | 160/18-19 dt. 26.03.19 - തുക – 50,000/- |

| | | | |
|---|---|---|---|
| | S0104/19 | | |
| 10 | കൈപ്പറമ്പ് ഗ്രാമപഞ്ചായത്തിലെ പേരാമംഗലം കിഴക്ക് കുടിവെള്ളപദ്ധതി, S0102/19 | 1,30,000/- | 101/18-19 dt.14.11.18 |
| 11 | പേരാമംഗലം കിഴക്ക് കുടിവെള്ള പദ്ധതി പൂർത്തീകരണം, S0142/19 | 2,85,000/- | 65/18-19 dt. 24.11.18 |
| 12 | മുളങ്കുന്നത്ത്കാവ് ഗ്രാമപഞ്ചായത്തിലെ (വാർഡ് 4, 9 ) കിഴക്കെ അങ്ങാടി കുടിവെള്ളപദ്ധതി, S0137/19 | 3,52,452/- | 78/18-19 dt. 28.11.18 |
| | ആകെ | 51,87,452 | |

## 3-6 തോളൂർ സി.എച്ച്.സി യിൽ സൗരോർജ്ജസംവിധാനം സ്ഥാപിക്കൽ പദ്ധതി - സർക്കാർ ഉത്തരവിലെ നിർദ്ദേശം പാലിക്കേണ്ടതാണ്.

നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി

പ്രൊജക്ട് നമ്പർ – S0098/19

അടങ്കൽ – 10,00,000/- (മെയിന്റനൻസ് ഗ്രാന്റ്, റോഡിതരം)

ചെലവ് – 9,60,154/-

സ.ഉ.(സാധാ) നം.348/2018/ത.സ്വ.ഭ.വ. തി. 06.02.18 പ്രകാരം സൗരോർജ്ജപദ്ധതിയുടെ നിർവ്വഹണം പൂർത്തിയായാൽ അനർട്ട് ജില്ലാ എഞ്ചിനീയർ പ്രതിഷ്ഠാപനങ്ങളുടേയും അനുബന്ധ ഉപകരണങ്ങളുടേയും ഗുണമേൻമയും സ്പെസിഫിക്കേഷനും പരിശോധിച്ച് പ്രവർത്തനസജ്ജമാണെന്ന് ഉറപ്പാക്കി നൽകുന്ന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലാണ് ഫൈനൽ ബിൽ നൽകേണ്ടത്. എന്നാൽ, സർക്കാർ ഉത്തരവിലെ ഈ നിർദ്ദേശം ഫൈനൽ ബിൽ നൽകുന്നതിന് മുൻപ് പാലിച്ചിട്ടില്ല. ആയതിനാൽ, ഈ സർട്ടിഫിക്കറ്റ് ലഭ്യമാവുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതും ലഭ്യമാവുന്ന മുറക്ക് ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്. അതുവരെ ചെലവുതുക തടസ്സപ്പെടുത്തുന്നു.

## 3-7 മരാമത്ത് പ്രവൃത്തികൾ - മാർഗ്ഗരേഖ പാലിക്കാത്തത് സംബന്ധിച്ച്.

2018-19 വാർഷിക പദ്ധതി മാർഗ്ഗരേഖ (ജി.ഒ.(എം.എസ്)നം. 11/2018/ത.സ്വ.ഭ.വ. തീ. 29-1-2018)) ഖ.7.13(3) പ്രകാരം ഗ്രാമപഞ്ചായത്തുകളുടെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ട 6 മീറ്ററിൽ കുറയാത്ത വീതിയുള്ള ഏതു റോഡും മെച്ചപ്പെടുത്തുന്നതിന് ബ്ലോക്ക് പഞ്ചായത്തുകൾക്ക് പ്രൊജക്റ്റ് ഏറ്റെടുക്കാവുന്നതാണ്. എന്നാൽ ഇങ്ങനെ ഏറ്റെടുക്കുന്നതിനുമുൻപ് ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിൽ നിന്നും രേഖാമൂലം സമ്മതപത്രം വാങ്ങിയിരിക്കണമെന്നും PMAY പദ്ധതിക്ക് വകയിരുത്തേണ്ടതായ മുഴുവൻ തുകയും വകയിരുത്തിയിട്ടുണ്ടെന്ന് സെക്രട്ടറി സാക്ഷ്യപ്പെടുത്തുകയും ചെയ്യണമെന്ന് നിഷ്കർഷിക്കുന്നുണ്ട്.

എന്നാൽ പുഴയ്ക്കൽ ബ്ലോക്ക് പഞ്ചായത്തിന്റെ ചില മരാമത്ത് പ്രവൃത്തികൾ മേൽ സർക്കാർ നിർദ്ദേശത്തിനനുസൃതമായല്ല നടപ്പിലാക്കിയിരിക്കുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് നം., പ്രോജക്ടിന്റെ പേര് | അടങ്കൽ | ചെലവ്, ബിൽ നമ്പർ, തീയതി | നിർവ്വഹണ ഉദ്യോഗസ്ഥൻ | റിമാർക്സ് |
|---|---|---|---|---|---|
| 1 | SOO89/19 പുഴക്കൽ ബ്ളോക്ക് പഞ്ചായത്ത് 2017-18 കണ്ണിക്കുളം റോഡ് അടാട്ട് പഞ്ചായത്ത്. | 8,70,773 | 2,00,000/- 2/18-19, 15-5-18. 1,14,777/- 7/18-19, 15-5-18. 3,00,000/- 8(/18-19, 12-7-18. 2,55,996/- 8(a)/18-19, 12-7-18 | അസി.എക്സി. എഞ്ചിനീയർ | റോഡ് പ്രവൃത്തി ഏറ്റെടുക്കുന്നതിന് ഗ്രാമ പഞ്ചായത്തിൽ നിന്നും രേഖാമൂലമുള്ള സമ്മതപത്രം , പി.എം.എ.വൈ പദ്ധതിക്ക് വകയിരുത്തേണ്ടതായ മുഴുവൻ തുകയും വകയിരുത്തിയുട്ടുണ്ടെന്നുള്ളതിന്റെ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല. പഞ്ചായത്തിൽ നിന്നുള്ള ആസ്തി രജിസ്റ്ററിന്റെ കോപ്പിയും ഫയലിൽ ലഭ്യമല്ല. |
| 2 | SO123/19 വട്ടായി ചോറ്റുപാറ റോഡ് നിർമ്മാണം. മുളങ്കുന്നത്തുകാവ് ഗ്രാമ പഞ്ചായത്ത്. | 5,00,000 | 3,00,000/- 19/18-19, 29-12-18 | “ | റോഡ് പ്രവൃത്തി ഏറ്റെടുക്കുന്നതിന് ഗ്രാമ പഞ്ചായത്തിൽ നിന്നും രേഖാമൂലമുള്ള സമ്മതപത്രം , പി.എം.എ.വൈ പദ്ധതിക്ക് വകയിരുത്തേണ്ടതായ മുഴുവൻ തുകയും വകയിരുത്തിയുട്ടുണ്ടെന്നുള്ളതിന്റെ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല. |

മരാമത്ത് പ്രവ്യത്തികൾ സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് നടപ്പിലാക്കുന്നതിൽ വീഴ്ച വരാതിരിക്കാൻ ബ്ളോക്ക് പഞ്ചായത്ത് ജാഗ്രത പുലർത്തേണ്ടതാണ്.

## 3-8 ചൂരക്കാട്ടുകര മോട്ടോർ ഷെഡ്ഡ് പൂർത്തീകരണം -നിർമ്മാണം പൂർത്തീകരിക്കാതെ ഉപേക്ഷിച്ചു

പ്രോജക്ട് നമ്പർ - SO120/19.

പ്രവൃത്തിയുടെ പേര് - പുഴയ്ക്കൽ ബ്ളോക്ക് പഞ്ചായത്ത് 2017-18 ചൂരക്കാട്ടുകര മോട്ടോർ ഷെഡ്ഡ് പൂർത്തീകരണം

അടങ്കൽ - 5,50,000/- രൂപ.

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി. എക്സി. എഞ്ചിനീയർ.

കരാറുകാരൻ - മണികണ്ഠൻ. വി.പി.

ബിൽ നമ്പർ - 23/18-19 തീയതി 11-03-19 തുക – 2,25,210/- രൂപ. ($1^{st}$ and part bill).

അളവു പുസ്തകം - 80/17-18.

ചൂരക്കാട്ടുകര മോട്ടോർ ഷെഡ്ഡ് പൂർത്തീകരണം എന്ന പ്രവൃത്തിയിൽ സൈഡ് പ്രൊട്ടക്ഷൻ വർക്കും മോട്ടോർ ഷെഡ് നിർമ്മാണവുമാണ് ഉൾപ്പെടുത്തിയിരുന്നത്. എന്നാൽ എസ്റ്റിമേറ്റ് പ്രകാരം നിർവ്വഹിക്കേണ്ട മുഴുവൻ പ്രവൃത്തികളും പൂർത്തിയാക്കിയിട്ടില്ല.

പദ്ധതിയുമായി ബന്ധപ്പെട്ട വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ 14/18-19 തീയതി - 27-06-2019) ലഭ്യമാക്കിയ മറുപടിയിൽ, ടി പ്രോജക്ടിൽ മോട്ടോർ ഷെഡ് നിർമ്മാണവും സൈഡ് പ്രൊട്ടക്ഷൻ വർക്കും ഉൾപ്പെടുത്തിയിരുന്നെങ്കിലും സൈറ്റ് കണ്ടീഷൻ അനുസരിച്ച് ബണ്ട് റോഡിലുള്ള കൾവർട്ട് സ്ളാബ് Damage ആയതിനാൽ ആയത് മാറ്റി പുതിയ കൾവർട്ട് നിർമ്മിക്കുന്നതിന് ഭരണ സമിതിയുടെ നിർദ്ദേശപ്രകാരം എസ്റ്റിമേറ്റ് റിവൈസ് ചെയ്യേണ്ടിവന്നു എന്നും, വെള്ളക്കെട്ട് മൂലം കൾവർട്ട് നിർമ്മാണം ആരംഭിക്കുന്നതിനും മാർച്ചിൽ പൂർത്തിയാക്കുന്നതിനും സാധിച്ചില്ല എന്നും, സ്പിൽ ഓവർ പ്രോജക്ട് ആയതിനാലും ടി പ്രവൃത്തിക്ക് ജില്ലാ പഞ്ചായത്ത് 2019-20 വർഷത്തിൽ പത്ത് ലക്ഷത്തിന്റെ പ്രോജക്ട് വകയിരുത്തിയതിനാലും ബ്ളോക്ക് കമ്മിറ്റി ടി പ്രോജക്ട് ഉപേക്ഷിക്കുകയാണുണ്ടായത് (30.05.19-ലെ ജനറൽ കമ്മിറ്റിയുടെ 3(2)/2019 നമ്പർ തീരുമാനം) എന്നും വ്യക്തമാക്കുകയുണ്ടായി. ഓഡിറ്റിന്റെ ഭാഗമായി നടത്തിയ സ്ഥല പരിശോധനയിൽ മോട്ടോർ ഷെഡിന്റെ നിർമ്മാണ പ്രവൃത്തി നടത്തിയിട്ടുള്ളതായി കാണപ്പെട്ടു എങ്കിലും പൂർത്തീകരണത്തിനാവശ്യമായ അനുബന്ധ പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ സാധിക്കാത്തതിനാൽ പദ്ധതി ഉപേക്ഷിക്കപ്പെട്ടത് ബോദ്ധ്യപ്പെട്ടു.

ലക്ഷ്യം കൈവരിക്കാതെ ഉപേക്ഷിക്കേണ്ടിവന്ന പ്രസ്തുത പദ്ധതിക്കായി 2018-19 സാമ്പത്തിക വർഷം ബ്ലോക്ക് പഞ്ചായത്ത് ചെലവഴിച്ച 2,25,210/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മരാമത്ത് പ്രവർത്തികൾ ആരംഭിച്ചതിനുശേഷം ഉപേക്ഷിക്കേണ്ടി വരുന്ന സാഹചര്യം ഒഴിവാക്കുവാൻ അധികൃതർ പ്രത്യേകം ജാഗ്രത പുലർത്തേണ്ടതാണ്.

## 3-9 റോഡ് കണക്ടിവിറ്റി ഭൂപടം തയ്യാറാക്കിയിട്ടില്ല.

പതിമൂന്നാം പഞ്ചവൽസര പദ്ധതിയിലെ 2018-19 മുതലുള്ള വാർഷിക പദ്ധതി തയ്യാറാക്കൽ മാർഗ്ഗനിർദ്ദേശങ്ങൾ ജി.ഒ.(എം.എസ്)നമ്പർ 11/2018 ത.സ്വ.ഭ.വ/29-01-2018-ലെ ഖണ്ഡിക 7.13(1) പ്രകാരം ഓരോ തദ്ദേശ സ്ഥാപനവും റോഡ് കണക്ടിവിറ്റി ഭൂപടവും റോഡ് കണക്ടിവിറ്റി പദ്ധതിയും തയ്യാറാക്കണം. മുൻപുള്ള മാർഗ്ഗരേഖകളിലും ഈ നിർദ്ദേശം ഉണ്ടായിരുന്നെങ്കിലും പുഴയ്ക്കൽ ബ്ളോക്ക് പഞ്ചായത്തിൽ നാളിതുവരെയായി ഇവ തയ്യാറാക്കിയിട്ടില്ല. റോഡ് കണക്ടിവിറ്റി മാപ്പ്, പ്ലാൻ എന്നിവ തയ്യാറാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 3-10 നിർദ്ദിഷ്ട രീതിയിൽ മോണിറ്ററിംഗ് നടത്തുന്നില്ല

13-ാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖയായ 29.01.18 ലെ ജി.ഒ.(എം.എസ്) 11/2018/തസ്വഭവ യിലെ ഖണ്ഡിക 13 പ്രകാരം പ്രൊജക്ട് മോണിട്ടറിംഗ് അതാത് വർക്കിംഗ് ഗ്രൂപ്പുകൾ നിർവ്വഹിക്കേണ്ടതാണ്. അതിനായി പദ്ധതി രൂപീകരണത്തിനു ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിംഗ് കമ്മിറ്റികളായി പ്രവർത്തിക്കേണ്ടതാണ്. മോണിട്ടറിംഗ് കമ്മിറ്റികൾ യോഗം ചേർന്ന് മോണിട്ടറിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണസമിതിക്കും നൽകേണ്ടതാണ്. എന്നാൽ ഈ രീതിയിലുള്ള മോണിട്ടറിംഗ് നടത്തിയിട്ടില്ല. മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| തോളൂർ ഗ്രാമപഞ്ചായത്ത് | 2018-19 | 100000 | പ്രോജക്ട് നം.34 അസി. എക്സി. എഞ്ചിനീയർക്ക് വാഹനം വാങ്ങൽ | 100000 | 0 |
| കൈപ്പറമ്പ് ഗ്രാമ പഞ്ചായത്ത് | 2018-19 | 100000 | “ | 100000 | 0 |
| മുളങ്കുന്നത്തുകാവ് ഗ്രാമ പഞ്ചായത്ത് | 2018-19 | 100000 | “ | 100000 | 0 |
| അവണൂർ ഗ്രാമ പഞ്ചായത്ത് | 2018-19 | 100000 | “ | 100000 | 0 |
| മുളങ്കുന്നത്തുകാവ് ഗ്രാമ പഞ്ചായത്ത് | 2018-19 | 70000 | പി.എം.എ.വൈ(ജി) 2017-18 മൈനോറിറ്റി | 0 | 70000 |

| | | | | | |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2018-19 | 117335 | ലൈഫ് മിഷൻ 2017-18 | 0 | 117335 |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

ക്രമ നമ്പർ 3, 4, 5, 8, 12, 13, 15 എന്നിവ പ്രകാരം മുൻകൂർ അനുവദിച്ച തുകയും സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുകയും പൊരുത്തപ്പെടുന്നില്ല. (പ്രൊഫോർമ വിവര ശേഖരണം ക്രമ നമ്പർ 9-ൽ)

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഐ.എ.വൈ. ഗുണഭോക്താക്കൾക്ക് അധികസഹായത്തിന് സഹകരണബാങ്കുകളിൽ നിന്ന് വായ്പ എടുക്കൽ. | 14-03-2013 ലെ ജി.ഒ (എംഎസ്) 90/13 ത.സ്വ.ഭ.വ. | 5753358 രൂപ. | 1358 | | 1358 | 0 |

## 4-5 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തീയതി |
|---|---|---|---|---|
| 2013-14 | 3-5 | 350 | രാജേഷ് കുമാർ, ഡ്രൈവർ. | 2733006 തീയതി 19-07-2018 |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

ഇല്ല

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

**(എ)** ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

**(ബി)** സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 5,05,88,332 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 5,64,19,705 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല. |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 28,30,364 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം. | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3.1 | 245000 | ശ്രീ. സുജിത്ത്. എസ്, പട്ടിക ജാതി വികസന ഓഫീസർ |
| 3.2 (a) | 80000 | ഡോ. ജോബ്, സൂപ്രണ്ട്, തോളൂർ സി.എച്ച്.സി. |
| 3-2(b) | 300000 | ശ്രീമതി. ഡിഫ്ന ഡിക്രൂസ്, ശിശു വികസന പദ്ധതി ഓഫീസർ. പുഴയ്ക്കൽ. |
| 3-4 | 1020000 | ശ്രീ. ഗണേഷ്. എ, സെക്രട്ടറി. |
| 3-6 | 960154 | ശ്രീ. വിനോദ്. ഇ.കെ, അസി. എക്സി. എഞ്ചിനീയർ. |
| 3-8 | 225210 | |
| ആകെ | 28,30,364 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

ഇല്ല.

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നുംപുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 95-96, 96-97, 97-98 | എൽ.എഫ്.ടി21-368/00/16.6.00/7.8.00 |
| 98-99(ചെലവ്) | എൽ.എഫ്.ടി21-77/08/10.5.10 |
| 99-00(ചെലവ്) | എൽ.എഫ്.ടി21-78/08/10.5.10 |
| 2000-01(ചെലവ്) | എൽ.എഫ്.ടി21-78/08/10.5.10 |
| 1998-99 വരവ് | എൽ.എഫ്.ടി(ബിപി)414/11/2.6.11 |
| 1999-2000 വരവ് | എൽ.എഫ്.ടി(ബിപി)515/11/3.6.11 |
| 2000-01 വരവ് | എൽ.എഫ്.ടി(ബിപി)516/11/3.6.11 |
| 2001-02 | എൽ.എഫ്.ടി 21-880/09/14.7.11 |
| 02-03 | എൽ.എഫ്.ടി21-881/09/14.7.11 |
| 03-04 | എൽ.എഫ്.ടി21-882/09/14.10.11 |
| 04-05 | എൽ.എഫ്.ടി21-1142/10/14.12.11 |
| 05-06 | എൽ.എഫ്.ടി21-1143/10/14.12.11 |
| 06-07 | എൽ.എഫ്.ടി21-1144/110/14.12.11 |
| 07-08 മുതൽ 2010-11 വരെ | എൽ.എഫ്.ടി(ബി.പി)-1420/2012/6.2.12/ 14.3.12 |
| 11-12 | എൽ.എഫ്.ടി.(ബി.പി)1656/13/10.3.14 |
| 12-13 | എൽ.എഫ്.ടി.(ബി.പി)1024/14/8.10.14/ 12.11.14 |
| 13-14 | കെ.എസ്.എ.ടി.എസ്.ആർ.(ബി.പി) 375/15/5.8.15/3.9.15 |

| | |
|---|---|
| 14-15 | കെ.എസ്.എ.ടി.എസ്.ആർ(ബി.പി1)704/16<br>തീ. 21.5.16/16.8.16 |
| 15-16 | കെഎസ്എ.ടി.എസ്.ആർ.(ബിപി1)351/17/<br>24.3.17 |
| 16-17 | കെഎസ്എ.ടി.എസ്.ആർ.<br>(ബിപി1)1722/17/ 30.11.17 |
| 17-18 | കെ.എസ്.എ.ടി.എസ്.ആർ(ബിപി1)<br>53/2019 തീയതി: 12.02.19 |

ജോയിന്റ് ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

# അനുബന്ധം-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ് 4, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6) 2011-ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018-ലെ (സാധാ)1413/2018/ത.സ്വ.ഭ.വ., നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും പുഴയ്ക്കൽ ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പുഴയ്ക്കൽ ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

## അനുബന്ധം-2 ഓഡിറ്റ് സംക്ഷിപ്തം

| | |
|---|---|
| റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്<br>ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്<br>ബാലൻസ് ഷീറ്റ് | സംക്ഷിപ്തം (Audited Abstract) |

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ